# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1951 — 15.07.16 -ൽ മറുപടിക്ക്

## അച്ചൻകോവിലാറിന് സംരക്ഷണഭിത്തി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ് | മാത്യൂ ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര കോട്ടത്തോടിന്റെ പതനമുഖത്ത് അച്ചൻകോവിലാറിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിക്ക് 84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) മാവേലിക്കര കൊല്ലകടവ് പാലത്തിന് പടിഞ്ഞാറുഭാഗത്ത് അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ടി പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൻമേൽ കോൺട്രാക്ടർ എസ്റ്റിമേറ്റ് തുകയേക്കാൾ അധിക നിരക്ക് ക്വാട്ട് ചെയ്തിരിക്കുകയാണ്. |
| (സി) സാമ്പത്തിക അനുമതി ലഭിച്ച പ്രസ്തുത പദ്ധതികൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ